# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പുന്നപ്ര തെക്ക് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-ALP/P.8/177/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 23/03/2023
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പുന്നപ്ര തെക്ക് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പുന്നപ്ര തെക്ക് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുന്നപ്ര തെക്ക് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-ALP/P.8/177/2023 തീയ്യതി: 23/03/2023

## ആലപ്പുഴ ജില്ലയിലെ പുന്നപ്ര തെക്ക് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ പുന്നപ്ര തെക്ക് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-12-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| രാജീവ് ആർ | ഡെപ്യൂട്ടി ഡയറക്ടർ | 16-01-2023 | 24-01-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 16-01-2023 | 24-01-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. സുരേഷ് എസ്, ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്)

ശ്രീമതി.ശ്രീദേവി ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി. പ്രീത, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. പി ജി സൈറസ് | പ്രസിഡന്റ് | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| ശ്രീമതി. ബിജി എസ് | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ജഗനാഥൻ | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ. രാജീവ് പി | വെറ്ററിനറി സർജൻ | 01-04-2021 | 27-02-2022 |
| ഡോ.മേരി ലിഷി | വെറ്ററിനറി സർജൻ | 28-02-2022 | 31-03-2022 |
| ശ്രീമതി.അഞ്ജു അരുമനായകം | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ഡോ. പൂർണ്ണിമ | മെഡിക്കൽ ഓഫീസർ (എഫ് എച്ച് സി) | 01-04-2021 | 31-03-2022 |
| ഡോ. സുനി കെ | മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | 01-04-2021 | 31-03-2022 |
| ഡോ.സിത്താര ടി കെ | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2021 | 31-03-2022 |
| ശ്രീ.യു ആദംകുട്ടി | ഹെഡ്മാസ്റ്റർ, ഗവ.യു പി എസ് | 01-04-2021 | 31-03-2022 |
| ശ്രീമതി.പ്രിയ കെ എസ് | അസിസ്റ്റന്റ് എൻജിനീയർ | 01-04-2021 | 31-03-2022 |
| ശ്രീ.ബിനു ആർ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീമതി.ദീപ പി ആർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(പുന്നപ്ര) | 01-04-2021 | 31-03-2022 |
| ശ്രീമതി.സുജ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(അറവുകാട്) | 01-04-2021 | 12-08-2021 |
| ശ്രീ.ശരത് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(അറവുകാട്) | 13-08-2021 | 05-11-2021 |
| ശ്രീ.രഞ്ജിത്ത് കെ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(അറവുകാട്) | 06-11-2021 | 31-03-2022 |
| ശ്രീമതി.സലീല എം | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധന | 1-2-1 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഫണ്ട് വിനിയോഗം(എ.സി.ആർ പ്രകാരം) | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പപദ്ധതി | 1-6 |
| 8 | ക്ഷേമപദ്ധതികൾ | 1-7 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 11 | സ്ഥാപന തൊഴിൽ നികുതി പൂർണ്ണമായും ഈടാക്കിയില്ല | 1-10 |
| 12 | തൊഴിൽ നികുതി - അർദ്ധവാർഷികവരുമാനത്തിനനുസൃതമായി തുക ഈടാക്കിയില്ല-250/-രൂപയുടെ നഷ്ടം | 1-10-1 |
| 13 | വാടകയിനത്തിൽ കുടിശ്ശിക | 1-11 |
| 14 | സാമൂഹ്യ ക്ഷേമ പെൻഷൻ - യഥാസമയം സസ്പെന്റ് ചെയ്യുന്നതിൽ വീഴ്ച - മരണശേഷവും വിതരണം നടത്തി | 1-12 |
| 15 | സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ - പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല | 1-13 |
| 16 | പാലിന് സബ്സിഡി - അധിക നിരക്ക് നൽകി | 1-14 |
| 17 | പരസ്യങ്ങൾ വിൻഡോ മാതൃകയിൽ നൽകാത്തതിനാൽ അധിക ചെലവ് | 1- 15 |
| 18 | കൺസോളിഡേഷൻ ഇനത്തിൽ കുറവ് ചെയ്യാതിരുന്നതുമൂലം അധിക ചെലവ് - 17825/- | 1-16 |
| 19 | MCF ന് ചുറ്റുമതിൽ നിർമ്മാണം - ഫൗണ്ടേഷന്റെ പ്ലാസ്റ്ററിംഗിന് അളവു കൂടുതൽ രേഖപ്പെടുത്തി തുക അനുവദിച്ചു | 1- 17 |
| 20 | കാലി വീപ്പയുടെ വില ഈടാക്കിയില്ല | 1-18 |
| 21 | പകർച്ചവ്യാധി നിയന്ത്രണം | 1- 19 |
| 22 | എസ് സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്- ഗുണഭോക്താക്കളുടെ അർഹത തെളിയിക്കുന്ന രേഖയിൽ വ്യക്തതയില്ല | 1- 20 |
| 23 | ലൈഫ് ഭവനനിർമ്മാണം - അഡ്വാൻസ് കൈപ്പറ്റിയവർ നിർമ്മാണം പൂർത്തിയാക്കിയില്ല | 1-21 |
| 24 | അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ | 1-22 |
| | ഭാഗം **2** | |

| | | |
|---|---|---|
| 1 | തൊഴിൽ നികുതി - അർദ്ധവാർഷികവരുമാനത്തിനനുസൃതമായി തുക ഈടാക്കിയില്ല-250/-രൂപയുടെ നഷ്ടം | 2-1 |
| | ഭാഗം **3** | |
| 1 | കൺസോളിഡേഷൻ കുറവ് ചെയ്യാതിരുന്നതുമൂലം അധിക ചെലവ് - 17825/- | 3-1 |
| 2 | MCF ന് ചുറ്റുമതിൽ നിർമ്മാണം - ഫൗണ്ടേഷന്റെ പ്ലാസ്റ്ററിംഗിന് അളവു കൂടുതൽ രേഖപ്പെടുത്തി തുക അനുവദിച്ചു | 3-2 |
| 3 | കാലി വീപ്പയുടെ വില ഈടാക്കിയില്ല | 3-3 |
| 4 | പരസ്യങ്ങൾ വിൻഡോ മാതൃകയിൽ നൽകാത്തതിനാൽ അധിക ചെലവ്- 12850/- | 3-4 |
| | ഭാഗം **4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2021-22 വർഷത്തെ ബജറ്റ് 15.02.2021 തീയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. തുടർന്ന് 19.03.2022 ലെ ഒന്നാം നമ്പർ തീരുമാന പ്രകാരം ബജറ്റ് പരിഷ്കരിച്ചു.

| 2021-22 | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം (പരിഷ്കരിച്ചത്) | 269875320 | 268232689 |
| വാർഷിക കണക്ക് പ്രകാരം | 235776680 | 236427714 |

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2022 | 31.05.2022 |

## 1-2-1 വാർഷിക ധനകാര്യപത്രിക പരിശോധന

പുന്നപ്ര തെക്ക് ഗ്രാമ പഞ്ചായത്തിന്റെ 2021-22 ലെ വാർഷിക ധനകാര്യ പത്രിക പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട ന്യൂനതകൾ ചുവടെ ചേർക്കുന്നു.

1. DCB Own Fund അക്കൗണ്ടിന്റെ ( 450230101) റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം ക്ലിയർ ചെയ്യാനുള്ള ചെക്കുകളിൽ ചുവടെ ചേർക്കുന്നവ കാലാവധി കഴിഞ്ഞ ചെക്കുകളാണ്.

| വൗച്ചർ നം. | ചെക്ക് നം. | തീയതി | തുക |
|---|---|---|---|
| 120070500079 | 8726733 | 10.03.2021 | 8250 |
| 120070500072 | 1014506 | 03.03.2021 | 22000 |
| 120070500014 | 1014507 | 08.09.2021 | 23500 |
| ആകെ | | | 53750 |

2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 22 പ്രകാരം യഥാസമയം പണമാകാത്ത ചെക്കുകൾക്ക് നല്കിയ റസീപ്റ്റ് ക്യാൻസൽ ചെയ്യേണ്ടതും അക്കൗണ്ട് ബുക്കുകളിൽ ആവശ്യമായ റിവേഴ്സ് എൻട്രികൾ വരുത്തേണ്ടതുമാണ്. എന്നാൽ മേൽ ചെക്കുകളുടെ കാലാവധി കഴിഞ്ഞിട്ടും ചട്ട പ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

2. ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂളിൽ നീക്കിയിരിപ്പായി കാണിച്ചിരിക്കുന്ന തുക ലയബിലിറ്റിയായി ഇപ്പോഴും അവശേഷിക്കുന്നത് എന്തുകൊണ്ടെന്ന് വിശദീകരിക്കേണ്ടതാണ്.

| ഇനം | തുക |
|---|---|
| Centrally Sponsored Scheme- Total Sanitation Campaign(TSC) | 1100701 |
| Centrally Sponsored Scheme- Sarva Siksha Abhiyan (SSA) | 26078 |
| Centrally Sponsored Scheme- Integrated Child Development Scheme(ICDS) | 319991 |
| Centrally Sponsored Schemes- Grants, Funds & Contributions For Specific Purposes - Central Government | 704025 |
| Grants, Funds & Contributions For Specific Purposes - Other Government Agencies - Jeevadhara | 421770 |
| Grants, Funds & Contributions For Specific Purposes - Other Government Agencies | 981606 |
| Centrally Sponsored Scheme- Programmes For Yuva Creeda And Khel Abhiyan (PYCKA) | 1200 |

3. വസ്തു നികുതി ഡിമാന്റ്, കളക്ഷൻ എന്നിവ വാർഷിക കണക്ക്, സഞ്ചയ സ്റ്റേറ്റ്മെന്റ് തമ്മിൽ വ്യത്യാസം ഉണ്ട്.

4. പെർമിറ്റ് രജിസ്റ്ററിൽ ഡിസിബി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. തൻമൂലം വാർഷിക കണക്കിൽ നൽകിയിട്ടുള്ള വിവരങ്ങളുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

*5.ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.*

*6.കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)റൂൾസ് 2011 റൂൾ 62 പ്രകാരം വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തേണ്ട താഴെ ചേർക്കുന്നവ 2021-22 വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.*

*എ)അക്കൗണ്ടുകളിൻമേലുള്ള കുറിപ്പുകൾ-പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിൻജന്റ് ബാദ്ധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ.*

ബി)അടിസ്ഥാന അനുപാതങ്ങൾ-അക്കൗണ്ട് മാന്വലിൽ നിർദ്ദേശിച്ചിരിക്കുന്ന സാമ്പത്തിക അനുപാതങ്ങൾ.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 21508182 |
| വരവ് | 101773501 |
| ആകെ | 123281683 |
| ചെലവ് | 101460363 |
| നീക്കിയിരിപ്പ് | 21821320 |

## 1-4 ഫണ്ട് വിനിയോഗം(എ.സി.ആർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് (ഉറവിടത്തിൽ കുറവ് ചെയ്ത ഉൾപ്പെടെ) | ആകെ | ഉറവിടത്തിൽ കുറവ് ചെയ്തത് | ചെലവ് | നീക്കി ബാക്കി |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 22440000 | 22440000 | 3297265 | 19142735 | 0 |
| വികസന ഫണ്ട് (എസ്.സി.പി.) | 0 | 2571800 | 2571800 | 100201 | 2269799 | 201800 (ലാപ്സ്ഡ്) |
| വികസന ഫണ്ട് (റ്റി.എസ്.പി) | 0 | 149400 | 149400 | - | 123999 | 25401 (ലാപ്സ്ഡ്) |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 6022000 | 6022000 | - | 5091465 | 930535 (ലാപ്സ്ഡ്) |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 7789000 | 7789000 | - | 5964191 | 1824809 (ലാപ്സ്ഡ്) |
| ധനകാര്യ കമ്മീഷൻ അവാർഡ് (Tied) | 0 | 12567000 | 12567000 | - | 11038786 | 1528214 (ലാപ്സ്ഡ്) |

| | | | | | | |
|---|---|---|---|---|---|---|
| ധനകാര്യ കമ്മീഷൻ അവാർഡ് (Un-tied) | 0 | 7766950 | 7766950 | - | 7420693 | 346257 (ലാപ്സ്ഡ്) |

## 1-5 പദ്ധതി അവലോകനം

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് എണ്ണം | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് എണ്ണം | നടപ്പാക്കാത്തവ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|---|
| 2021-22 | 139 | 196889177 | 105 | 77382864 | 18 | 16 | 75.54 |

## 1-6 തൊഴിലുറപ്പുപദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 7619 | 1214019 | 1221638 | 1217467 | 4171 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 00 | 85333480 | 85333480 | 85333480 | |
| ആകെ | 7619 | 86547499 | 86555118 | 86550947 | 4171 |

## 1-7 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 250320 | 217 |
| കർഷകതൊഴിലാളി പെൻഷൻ | 11199400 | 746 |
| വിധവാപെൻഷൻ | 13580700 | 972 |
| വാർദ്ധക്യകാല പെൻഷൻ | 25067700 | 2248 |
| വികലാംഗപെൻഷൻ | 6142700 | 430 |
| അവിവാഹിതരായ 50 വയസ്സിനുമുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം | 1318100 | 88 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 90000 | 3 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16.01.2023 തീയതിയിൽ 3.00 പി എം ന് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 47052/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.7.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. ഭരണ സമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
2. കാലഹരണപ്പെട്ടതും പ്രവർത്തനരഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കയ്യൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നും തന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. തന്മൂലം പഞ്ചായത്തിലെ ആസ്തികളുടെ കൃത്യമായ കണക്ക് വിവരം ലഭ്യമാകുന്നില്ല.
3. സ്റ്റോക്ക് രജിസ്റ്ററിൽ ആകെ സ്റ്റോക്ക് വിവരം, വാർഷിക സ്റ്റോക്ക് നീക്കിയിരിപ്പ് വിവരം എന്നിവ ലഭ്യമല്ല.

വാർഷിക സ്റ്റോക്ക് ബാലൻസ് ഓഫീസ് മേധാവി പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല.

4. പൊതുടാപ്പുകളുടെ വെള്ളക്കരം-സംയുക്തപരിശോധന തുടർനടപടി വൈകുന്നതിനാൽ വെള്ളക്കരമിനത്തിൽ അധിക ചെലവിന് കാരണമാകുന്നു. മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-10 സ്ഥാപന തൊഴിൽ നികുതി പൂർണ്ണമായും ഈടാക്കിയില്ല

1994 ലെ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 205, 1996 ലെ കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ അറുപത് ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന ഓരോ കമ്പനിയുടെയും, പൊതുവോ, സ്വകാര്യമായതോ ആയ ഏതെങ്കിലും തൊഴിലിൽ ഏർപ്പെടുന്ന ഏതൊരു സ്ഥാപനം/വ്യക്തിയിൽ നിന്നും ചട്ടങ്ങളിൽ നിഷ്കർഷിക്കും പ്രകാരം അവരുടെ ആദായം അല്ലെങ്കിൽ വിറ്റുവരവ് ആസ്പദമാക്കി ഓരോ അർദ്ധവർഷവും തൊഴിൽ നികുതി ചുമത്തേണ്ടതാണ്. എന്നാൽ 2021-22 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി സംബന്ധിച്ച രജിസ്റ്ററുകളും റിട്ടേണുകളും പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1.പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങൾ സ്ഥാപനനികുതി ഒടുക്കിയിട്ടില്ല.

| സ്ഥാപനം | അർദ്ധ വർഷം |
|---|---|
| മുത്തൂറ്റ് ഫിനാൻസ് | I &II |
| മുത്തൂറ്റ് മൈക്രോ ഫിനാൻസ് | II |
| ബി എസ് എൻ എൽ | I &II |
| ഐ ഒ ബി | 1 |
| മിൽമ | 1&II |
| ജില്ലാ സഹകരണ ബാങ്ക് | II |
| മണപ്പുറം ഫിനാൻസ് | II |
| നിർമ്മല മെഡിക്കൽ സെൻർ | II |
| പുന്നപ്ര വെസ്റ്റ് KUCS Ltd A-143 D APCOS | I &II |
| കെ എസ് എഫ് ഇ | II |
| എസ് ബി ഐ | II |

*2. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചു വരുന്ന അംഗീകൃത കരാറുകാർ, റേഷൻ വ്യാപാരികൾ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.*

തൊഴിൽ നികുതി ഈടാക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.10/23.01.2023) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായ എല്ലാ ജീവനക്കാരിൽ/സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-10-1 തൊഴിൽ നികുതി - അർദ്ധവാർഷികവരുമാനത്തിനനുസൃതമായി തുക ഈടാക്കിയില്ല-250/-രൂപയുടെ നഷ്ടം

| സ്ഥാപനം | ജീവനക്കാരന്റെ/ ജീവനക്കാരിയുടെ പേര് | അർദ്ധവർഷം | തസ്തിക | അർദ്ധവാർഷിക വരുമാനം | ചുമത്തേണ്ട തൊഴിൽ നികുതി | ചുമത്തിയ തൊഴിൽ നികുതി | കുറവ് |
|---|---|---|---|---|---|---|---|
| C Y M A യു പി സ്കൂൾ | സുജാത | 1 | പി റ്റി സി എം | 120970 | 1000 | 750 | 250 |

തുക കുറവ് ഈടാക്കിയതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.10/21.01.23) മറുപടി ലഭ്യമാക്കിയില്ല. കുറവ് വന്ന തുക (250/-രൂപ) ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-11 വാടകയിനത്തിൽ കുടിശ്ശിക

*ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലെക്സിലെ കടമുറികളുടെ 2021-22 വർഷത്തെ വാടകയിൽ കുടിശ്ശികയുള്ളതായി കാണുന്നു. ഗ്രാമപഞ്ചായത്തുമായി കരാർ വെച്ച് വാടകയ്ക്ക് എടുത്തതാണെങ്കിലും കുടിശ്ശിക*

*വരുത്തിയിരിക്കുന്നു.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.*

| ക്രമ നമ്പർ | വാടകക്കാരന്റെ പേര് | കെട്ടിട നം./മുറി നമ്പർ | കുടിശ്ശിക |
|---|---|---|---|
| 1 | ഭൈമി ചിത്രാംഗദൻ,തയ്യിൽ | 9 | 5910/- |
| 2 | അബൂബക്കർ,ആശാരിപറമ്പ് | 12 | 5910/- |
| 3 | കൃഷ്ണൻ,തൊണ്ണൂറിൻചിറ | 2 | 3582/- |
| 4 | നിസറുദ്ദിൻ,പറത്തറ | 7 | 3762/- |
| 5 | സുദർശനൻ,സുനിൽ ഭവൻ | 9 | 5094/- |
| 6 | ശൈലേന്ദ്രൻ, തച്ചുതറ | 5C,D | 15996/- |
| ആകെ | | | 40254/- |

*വാടക കുടിശ്ശിക ഈടാക്കുന്നതിനായി സ്വീകരിച്ച തുടർനടപടികൾ ലഭ്യമാക്കാൻ ആരാഞ്ഞു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.3/തീയതി 23.1.23) ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലെക്സുകളിൽ കുടിശ്ശിക വരുത്തിയ വ്യക്തികൾക്ക് കത്ത് നൽകിയിട്ടുള്ളതായും കുടിശ്ശിക തുക ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നതായും അറിയിച്ചിട്ടുണ്ട്. കുടിശിക മുഴുവൻ പിരിച്ചെടുത്ത് തനതു ഫണ്ടിൽ അടവാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. വിവരം ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ അടിയന്തിര ശ്രദ്ധയിൽപ്പെടുത്തുന്നു.*

## 1-12 സാമൂഹ്യ ക്ഷേമ പെൻഷൻ - യഥാസമയം സസ്പെന്റ് ചെയ്യുന്നതിൽ വീഴ്ച - മരണശേഷവും വിതരണം നടത്തി

പഞ്ചായത്തിലെ ക്ഷേമപെൻഷൻ വിതരണവിവരങ്ങൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

*പഞ്ചായത്തിന്റെ സേവന ഡേറ്റ ബേസിലെ ക്ഷേമപെൻഷൻ ഗുണഭോക്താക്കളുടെ വിവരവും 2021-22 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മരണങ്ങളുടെ വിവരവും ഒത്തുനോക്കിയതിൽ മരണപ്പെട്ടവരുടെ പേരുവിവരങ്ങൾ സേവന ഡേറ്റാ ബേസിൽനിന്നും യഥാസമയം സസ്പെന്റ് ചെയ്യപ്പെടുന്നില്ല എന്ന് കണ്ടു. ഗുണഭോക്താക്കൾ മരണപ്പെട്ടാൽ തൊട്ടടുത്ത മാസം തന്നെ പെൻഷൻ സസ്പെൻഡ് ചെയ്യേണ്ടതാണെങ്കിലും പെൻഷൻ സസ്പെൻഡ് ചെയ്യുന്നതിൽ വളരെയധികം കാലതാമസം വരുന്നു. പെൻഷൻ വിതരണ വിവരം താഴെ കൊടുക്കുന്നു .*

1.ബാങ്ക് അക്കൌണ്ട് മുഖേന പെൻഷൻ ലഭിച്ചവർ

| ക്രമ നം. | പേര് /വിലാസം | മരിച്ച തീയതി/ മരണ രജിസ്ട്രേഷൻ തീയതി | പെൻഷൻതരം /ഐഡി | അനർഹമായ കാലയളവിൽ നല്കിയ തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | അന്നമ്മ യോഹന്നാൻ,തയ്യിൽ | 29.05.2021/ 05.07.2021 | വാർദ്ധക്യകാല പെൻഷൻ 417226548798 | 6/2021- 11/2022വരെ (1600*18) 28800/-രൂപ | ബാങ്ക് അക്കൌണ്ടിൽ നിക്ഷേപിച്ചു |
| 2 | ഹെൻറി എം ജെ | 30.06.2021/ | വാർദ്ധക്യകാല പെൻഷൻ | 7/2021- | " |

| | | | | | |
|---|---|---|---|---|---|
| | | 03.08.2021 | 983612220896 | 11/2022വരെ (600*17) 10200/-രൂപ | |
| 3 | ജോസ് എം | 20.06.2021/ 03.08.2021 | വാർദ്ധക്യകാല പെൻഷൻ 898478760893 | 7/2021- 11/2022വരെ (1600*17) 27200/-രൂപ | " |
| 4 | കോമളദാസ് | 22.07.2021/ 09.08.2021 | വാർദ്ധക്യകാല പെൻഷൻ 830316024506 | 8/2021- 11/2022വരെ (1600*16) 25600/-രൂപ | " |
| 5 | വിശ്വംഭരൻ | 11.08.2021/ 08.09.2021 | വാർദ്ധക്യകാല പെൻഷൻ 610734984266 | 9/2021- 11/2022വരെ 1600*15 24000/-രൂപ | " |
| 6 | ശ്രീമതി | 11.08.2021/ 08.09.2021 | വാർദ്ധക്യകാല പെൻഷൻ 705163880555 | 9/2021- 11/2022വരെ (1600*15) 24000/-രൂപ | " |
| 7 | പൊന്നപ്പാസ് | 13.12.2021/ 23.12.2021 | വാർദ്ധക്യകാല പെൻഷൻ 273084561744 | 1/2022- 11/2022വരെ (600*11) 6600/-രൂപ | " |

മുകളിൽ സൂചിപ്പിച്ചിരിക്കുന്നവരുടെ പെൻഷൻ അന്വേഷണവിധേയമായി സസ്പെൻഡ് ചെയ്യേണ്ടതും അനർഹമായ കാലയളവിലേക്ക് നൽകിയ തുകയായ 146400/-രൂപ അനന്തരാവകാശികൾ കൈപ്പറ്റിയിട്ടുണ്ടെങ്കിൽ തിരികെ ഈടാക്കി ഡിബിറ്റി സെല്ലിൽ ഒടുക്കിയതിന്റെ വിശദാംശം ലഭ്യമാക്കേണ്ടതുമാണ്. അല്ലാത്ത പക്ഷം ആയത് സെക്രട്ടറിയുടെ ബാധ്യതയായി നിർണ്ണയിക്കുന്ന താണ്.

2. സഹകരണ സൊസൈറ്റികൾ മുഖേന വിതരണം നടത്തിയത്

ഗുണഭോക്താക്കൾ മരണപ്പെട്ടാൽ തൊട്ടടുത്ത മാസം തന്നെ പെൻഷൻ സസ്പെൻഡ് ചെയ്യേണ്ടതാണെങ്കിലും ഗ്രാമപഞ്ചായത്തിൽ പെൻഷൻ സസ്പെൻഡ് ചെയ്യുന്നതിന് കാലതാമസം നേരിടുന്നതായി കാണുന്നു. ഇതുമൂലം സഹകരണബാങ്കുകളിലെ അക്കൌണ്ടിലേക്ക് തുക നൽകികൊണ്ടിരിക്കുന്നു.

ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പേര് /വിലാസം | മരിച്ച തീയതി/ രജിസ്ട്രേഷൻ തീയതി | പെൻഷൻതരം/ ഐഡി | അനർഹമായ കാലയളവിൽ നല്കിയ തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | റീത്തമ്മ,കറുകപറമ്പിൽ | 25.06.2021/ 12.7.2021 | വാർദ്ധക്യകാല പെൻഷൻ 445783239467 | 7/2021-5 /2022വരെ (1600*11) = 17600/- | സഹകരണ ബാങ്ക് അക്കൌണ്ടിലേക്ക് നൽകി. |
| 2 | ചെല്ലമ്മ,കണ്ടത്തിൽ | 11.07.2021/ 09.08.2021 | കർഷക തൊഴിലാളി പെൻഷൻ 785722566271 | 8/2021-10 /2021വരെ (600*3) = 1800/- | " |
| 3 | ജനോന,വാച്ചാക്കൽ | 29.07.2021/ | വാർദ്ധക്യകാല | 8/2021-5 | " |

| | | | | | |
|---|---|---|---|---|---|
| | | 16.08.2021 | പെൻഷൻ 776130025876 | /2022വരെ (600*10) = 6000/- | |
| 4 | സെബാസ്റ്റ്യൻ,തൈപറമ്പിൽ | 04.02.2021/ 01.09.2021 | വാർദ്ധക്യകാല പെൻഷൻ 240301540247 | 2/2021-10 /2021വരെ (1600*9) = 14400/- | ” |
| 5 | റാബിയ ഉമ്മ,പഞ്ചായത്ത് കോളനി | 04.09.2021/ 22.09.2021 | വിധവ പെൻഷൻ 434680495170 | 9/2021-5 /2022വരെ (1600*9) = 14400/- | ” |
| 6 | ശശിധരൻ എ. കെ, അഞ്ചലശ്ശേരിൽ | 04.12.2021/ 18.12.2021 | വാർദ്ധക്യകാല പെൻഷൻ 362296132968 | 11/2021-5 /2022വരെ (1600*7) = 11200/- | ” |

മേൽ വിഷയത്തിൽ വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം-14/24.01.23) മറുപടി ലഭ്യമാക്കിയിട്ടില്ല. ബാങ്കുകളുടെ അക്കൌണ്ടിൽ ഇപ്രകാരം വിതരണം ചെയ്യാതെ സൂക്ഷിച്ചിട്ടുള്ള ആകെ തുക തിട്ടപ്പെടുത്തി, കണക്ക് ലഭ്യമാക്കുവാൻ ബന്ധപ്പെട്ട സഹകരണ ബാങ്കുകൾക്ക് നിർദ്ദേശം നൽകേണ്ടതും ഡിബിറ്റി സെല്ലിലേക്ക് തുക തിരികെ ഒടുക്കിയതിന്റെ വിശദാംശം അറിയിക്കേണ്ടതുമാണ്. നേരിട്ട് പെൻഷൻ വിതരണം ചെയ്യുന്ന സംഗതികളിൽ ഏതൊക്കെ സഹകരണ ബാങ്കുകൾ വഴിയാണ് പെൻഷൻ വിതരണം നടത്തുന്നതെന്നും, ഇപ്രകാരം വിതരണത്തിന് ചുമതലപ്പെടുത്തിയിട്ടുള്ള സഹകരണ ബാങ്കുകൾ എല്ലാ മാസവും മരണപ്പെട്ട ഗുണഭോക്താക്കളുടെ റിപ്പോർട്ട് ലഭ്യമാക്കുന്നുണ്ടോയെന്ന വിവരവും അറിയിക്കേണ്ടതാണ്.

## 1-13 സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ - പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല

പ്രോജക്ട് നം - S0169/22 സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ

അടങ്കൽ - 3400532( ധനകാര്യ കമ്മീഷൻ അവാർഡ്)

ചെലവ് - 3022500(407/30.02.2022)

ഇലക്ട്രിക്കൽ സെക്ഷൻ പുന്നപ്ര പരിധിയിൽ പുന്നപ്ര തെക്ക് ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കുന്നതിനുള്ള പ്രവൃത്തികൾക്ക് KSEB തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം വരുന്ന തുക 3022500/-രൂപയാണ്. ടി തുക KSEBയ്ക്ക് പ്രസ്തുത ബിൽ പ്രകാരം നൽകിയിട്ടുണ്ട്. എസ്റ്റിമേറ്റ് പരിശോധിച്ചതിൽ മേൽ തുകയിൽ 18% GST ഇനത്തിൽ 420266/- രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. ഗ്രാമീണ മേഖലയിലെ വൈദ്യുത വൽക്കരണം, വൈദ്യുത വിതരണം എന്നിവ ഭരണഘടനയിലെ അനുച്ഛേദം 243 G വകുപ്പ് പ്രകാരം ചുമതലപ്പെടുത്തിയിരിക്കുന്നവ ആയതിനാൽ സേവനങ്ങൾ നികുതി രഹിതമാണ്. 06-03-2019 ൽ ചരക്ക സേവന നികുതി വകുപ്പ് കമ്മീഷണറുടെ കാര്യാലയം ഇക്കാര്യത്തിൽ സ്പഷ്ടീകരണം നൽകിയിട്ടുള്ളതാണ്. അതിനാൽ GST ഇനത്തിൽ നൽകിയ 420266/-രൂപ KSEBയിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

പ്രസ്തുത പ്രവൃത്തിക്ക് 30-03-22 ൽ വെച്ച കരാർ പ്രകാരം 16.02.2023 തീയതിയ്ക്കകം പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണ്. പൂർത്തീകരണ സർട്ടിഫിക്കറ്റ്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ മേൽപ്പറഞ്ഞ തുക കഴിച്ചുള്ള 2602234/- (3022500 - 420266) രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. -10/ 09-01-23) മറുപടി നൽകിയില്ല.

## 1-14 പാലിന് സബ്സിഡി - അധിക നിരക്ക് നൽകി

പ്രോജക്ട് നം.17/22 പാലിന് സബ്സിഡി

നിർവഹണ ഉദ്യോഗസ്ഥ- ഡയറി ഫാം ഇൻസ്ട്രക്ടർ
വികസന ഫണ്ട് – 206100

ജില്ലാപഞ്ചായത്ത് വിഹിതം - 100000

ആകെ അടങ്കൽ -306100

ചെലവ് - 206100

ക്ഷീര സംഘത്തിൽ നൽകുന്ന പാലിന് ക്ഷീരവികസനവകുപ്പ് നൽകുന്ന ഒരു രൂപ ഉൾപ്പെടെ ലിറ്ററൊന്നിന് 4 രൂപ തോതിൽ ഒരു വർഷം പരമാവധി 40000/- രൂപ ഒരു കർഷകന് സബ്സിഡിയായി നൽകാമെന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പതിമൂന്നാം പഞ്ചവത്സരപദ്ധതി കാലയളവിലെ സബ്സിഡി മാനദണ്ഡങ്ങൾ സംബന്ധമായ 14.12.18 ലെ സ.ഉ (കൈ) നം. 22/18/ത.സ്വ.ഭ.വ. ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. ഡയറി ഫാം ഇൻസ്ട്രക്ടർ നിർവ്വഹണം നടത്തിയ പാലിന് സബ്സിഡി എന്ന പ്രോജക്ട് പ്രകാരം സംഘങ്ങൾക്ക് ലിറ്ററൊന്നിന് നാല് രൂപ തോതിൽ സബ്സിഡി നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| സംഘത്തിന്റെ പേര് | 2021 ജൂലൈ, ആഗസ്റ്റ്, നവംബർ, ഡിസംബർ മാസങ്ങളിൽ അളന്ന പാൽ | അനുവദിച്ച തുക | അനുവദിക്കാവുന്ന തുക | അധികമായി അനുവദിച്ച തുക |
|---|---|---|---|---|
| പുന്നപ്ര | 16952 | 67808 | 50856 | 16952 |
| പുന്നപ്ര വെസ്റ്റ് | 31933 | 127732 | 95799 | 31933 |
| ആകെ | | 195540 | 146655 | 48885 |

ക്ഷീര വികസന വകുപ്പിൽ നിന്നുള്ള സബ്സിഡി തുകയായ ഒരു രൂപ ഉൾപ്പെടാത്ത പക്ഷം കർഷകന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും നൽകാവുന്ന സബ്സിഡി ലിറ്ററിന് 3 രൂപ തോതിലായതിനാലും സംസ്ഥാനവിഹിതം ലഭ്യമല്ലെങ്കിൽ അതും തദ്ദേശ സ്വയംഭരണ സ്ഥാപനം നൽകണമെന്ന് സബ്സിഡി മാർഗരേഖയിൽ വ്യവസ്ഥ ചെയ്തിട്ടില്ലാത്തതിനാലും പഞ്ചായത്ത് ഫണ്ടിൽ നിന്നും ലിറ്ററിന് 4 രൂപ തോതിൽ സബ്സിഡി നൽകിയത് സബ്സിഡി മാർഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. ക്ഷീര വികസന വകുപ്പ് യാതൊരു തുകയും അനുവദിച്ചിട്ടില്ലാത്ത സാഹചര്യത്തിലാണ് ലിറ്ററിന് 4 രൂപ പ്രകാരം നൽകിയതെന്നാണ് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക്(നം. 15/24.01.2023) മറുപടി നൽകിയത്. നിലവിൽ 3 രൂപ നിരക്കിൽ മാത്രമാണ് ഗ്രാമപഞ്ചായത്തിൽ നിന്നും അനുവദിക്കാവുന്നത്. അതിനാൽ ഇത്തരം അപാകതകൾ ഉണ്ടാകാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

<u>ചെലവ് വിവരം</u>

ബിൽ നം/ തീയതി/തുക
1/21-22/02.11.21 - 43768 /-
2/21-22/02.11.21 –57472/-
3/21-22/01.01.2022-42484/-
4/21-22/05.01.2022-12372/-
5/21-22/18.02.2022-34540/-
6/21-22/18.02.2022-15464/-

## 1- 15 പരസ്യങ്ങൾ വിൻഡോ മാതൃകയിൽ നൽകാത്തതിനാൽ അധിക ചെലവ്

ദർഘാസ് പരസ്യങ്ങൾ" വിൻഡോ മാതൃകയിൽ," രണ്ട് കോളം (8cm) X (3cm) = 24 $Cm^2$ വലുപ്പത്തിലുള്ളതായിരിക്കണമെന്നും പൂർണ്ണമായ പരസ്യങ്ങൾ വെബ്സൈറ്റിൽ മാത്രം പ്രസിദ്ധീകരിച്ചാൽ മതിയെന്നും (സ.ഉ(അ)/01/04/ഐ.ആൻഡ്.പി.ആർ തീയതി.01-01-04) ഉത്തരവിലൂടെ സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് 2021-22 സാമ്പത്തിക വർഷം പദ്ധതി രൂപീകരണം നിർവ്വഹണം മോണിട്ടറിംഗ് എന്ന പ്രോജക്ടിൽപ്പെടുത്തി (പ്രോജക്ട് നം.03/2022) താഴെപ്പറയുന്ന ദിനപ്പത്രങ്ങളിൽ നല്കിയിട്ടുള്ള പരസ്യങ്ങളുടെ ബിൽ പരിശോധിച്ചതിൽ അവ നിർദ്ധിഷ്ട വലുപ്പത്തിൽ കൂടുതലുള്ളവയായിരുന്നു. ഇത് പരസ്യചെലവ് കൂടുന്നതിനിടയാക്കി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ബിൽ നം./ തീയതി/തുക | ഇൻവോയിസ് നം./ തീയതി ദിനപത്രം | നല്കിയ പരസ്യത്തിന്റെ വലുപ്പം/നിരക്ക് | ചെലവ് | അനുവദനീയമായ വലുപ്പം/ചെലവ് | അധികം ചെലവാക്കിയ തുക |
|---|---|---|---|---|---|---|
| 1 | 87/12.10.2021 6426 | ALP/21-22/0684 09.09.2021 ദേശാഭിമാനി | 5×8=40$cm^2$ 180/$cm^2$ | 7200 – Discount | 3×8 =24 $Cm^2$ 24×180= 4320 _ | 2570 |

| | | | | | | |
|---|---|---|---|---|---|---|
| | | | | 15% (1080) +GST (5%)306 =6426/- | Discount15%(648) +GST (5%)184 =3856 | |
| 2 | 89/12.10.2021 24419 | ALP/21-22/0740 25.09.2021 ദേശാഭിമാനി | 5×8=40 $Cm^2$ 180/$cm^2$ | -Do- | -Do- | 2570 |
| 3 | | ALP/21-22/0711 18.09.2021 ദേശാഭിമാനി | 5×8=40 $Cm^2$ 180/$cm^2$ | -Do- | -Do- | 2570 |
| 4 | | ALP/21-22/0738 24.09.2021 ദേശാഭിമാനി | 5×8=40 $Cm^2$ 180/$cm^2$ | -Do- | -Do- | 2570 |
| 5 | 137/27.11.2021 19921/- | ALP/21-22/0898 24.09.2021 ദേശാഭിമാനി | 5×8=40 $Cm^2$ 180/$cm^2$ | -Do- | -Do- | 2570 |
| | ആകെ | | | | | 12850/- |

അധികമായി ചെലവഴിച്ച 12850/- രൂപ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-16 കൺസോളിഡേഷൻ ഇനത്തിൽ കുറവ് ചെയ്യാതിരുന്നതുമൂലം അധിക ചെലവ് - 17825/-

1.പുന്നപ്ര തെക്ക് ഗ്രാമ പഞ്ചായത്തിൽ തൻവർഷം നടപ്പിലാക്കിയ താഴെപ്പറയുന്ന റോഡ് നിർമ്മാണ പ്രവൃത്തികളിൽ എംബാങ്ക്മെന്റ് കൺസ്ട്രക്ഷൻ (യൂസിംഗ് മെറ്റീരിയൽ ഒബ്റ്റെയ്ൻഡ് ഫ്രം ബോറോപിറ്റ്സ്) നടത്തിയ അളവ് രേഖപ്പെടുത്തിയിരിക്കുന്നത് ടേപ്പ് മെഷർമെന്റിലാണ്. ഫില്ലിംഗ് പ്രവൃത്തികളുടെ അളവിൽ നിന്നും 10% കൺസോളിഡേഷൻ കുറവ് ചെയ്യാതിരുന്നതുമൂലം അധിക ചെലവുണ്ടായിട്ടുണ്ട്. വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര്/ | കരാറുകാരൻ | അളവു പുസ്തകം | എംബാങ്ക്മെന്റ് കൺസ്ട്രക്ഷൻ നടത്തിയ അളവ് | കുറവു ചെയ്യേണ്ടിയിരുന്ന അളവ് | അധികം നൽകാനിടയായ തുക (കരാറുകാർ ക്വോട്ട് ചെയ്ത നിരക്കിൽ) | ചെലവു വിവരം |
|---|---|---|---|---|---|---|---|
| 1 | കന്നിട്ടപ്പറമ്പ് താഴയിൽ റോഡ് കോൺക്രീറ്റിംഗ് | സുരേഷ് | 437/20-21 | 24.03 $M^3$ | 2.403 $M^3$ | 2.40 @898 = 2155 | 15/15-12-21 310771/- രൂപ |
| 2 | തേങ്ങാക്കാരൻ റോഡ് കോൺക്രീറ്റിംഗ് | ബൈജു .വി | 446/20-21 | 24$m^3$ | 2.4 $M^3$ | 2.4 @937.50 = 2250 | 24/30-01-22 324249/- രൂപ |
| 3 | ഇരുമ്പനം നാളികാട് റോഡ് കോൺക്രീറ്റിംഗ് | മുജീബ് | 434/20-21 | 38.34 $M^3$ | 3.834 $M^3$ | 3.83 @894.16 = 3425 | 13/15-12-21 545703/- രൂപ |
| 4 | പോളിടെക്നിക്കിന് | മുജീബ് | 506/20-21 | 34.142$m^3$ | 3.4142 $M^3$ | 3.41 | 34/18-03-22 |

| | | | | | | | |
|---|---|---|---|---|---|---|---|
| | പടിഞ്ഞാറുവശം കരപ്പാടം വരെയുള്ള റോഡ് കോൺക്രീറ്റിംഗ് | റഹ്മാൻ | | | | @869.87 = 2966 | 615995/-രൂപ |
| 5 | മണ്ഡപം അരശർക്കടവ് റോഡ് കോൺക്രീറ്റിംഗ് ഒന്നാം ഘട്ടം | മുജീബ് | 722/22 | 17.64 $M^3$ | 1.764 $M^3$ | 1.76 @836.05 = 1471 | 40/22-03-22 569372/-രൂപ |
| 6 | വിവിധ റോഡുകളുടെ കോൺക്രീറ്റിംഗ് | സുനിൽ | 429/20-21 | 26.945 $M^3$ | 2.6945 $M^3$ | 2.69 @971.55 = 2613 | 8/26-10-21 425558/-രൂപ |
| 7 | കൊച്ചപൊഴി കൈതോടിനു സംരക്ഷണ ഭിത്തിയും കലുങ്ക് നിർമ്മാണവും | സാബു | 111/21-22 | 26.95 $M^3$ | 2.695 $M^3$ | 2.70 @1090.88 = 2945 | 47/30-03-22 594470/-രൂപ |
| | ആകെ | | | | | 17825 | |

അധികം നൽകാനിടയായ തുക നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 5/23-01-23 ന് മറുപടി ലഭ്യമാക്കിയില്ല.

## 1- 17 MCF ന് ചുറ്റുമതിൽ നിർമ്മാണം - ഫൗണ്ടേഷന്റെ പ്ലാസ്റ്ററിംഗിന് അളവു കൂടുതൽ രേഖപ്പെടുത്തി തുക അനുവദിച്ചു

| | |
|---|---|
| പ്രോജക്ട് | MCF ന് ചുറ്റുമതിൽ നിർമ്മാണം |
| പ്രോജക്ട് നമ്പർ | S0156/21 |
| അളവു പുസ്തകം | 436/20-21, 417/20-21, 415/20-21 |
| കരാറുകാരൻ | ബാലു |
| ചെലവു വിവരം | ബിൽ നമ്പർ 19/07-01-22 രൂപ 124282/- |

ടി പ്രവൃത്തിയിൽ 0.40 മീറ്റർ ആഴത്തിൽ എർത്ത് എക്സ്കവേറ്റ് ചെയ്ത് അതിൽ 0.10 മീറ്റർ കനത്തിൽ PCC ചെയ്ത് 0.45 മീറ്റർ ഉയരത്തിൽ സോളിഡ് ബ്ളോക്ക് ഉപയോഗിച്ച് ഫൗണ്ടേഷൻ നിർമ്മിച്ചതിന് പുറമേ പ്ലാസ്റ്ററിംഗ് നടത്തിയതിന് അനുവദിച്ചിരിക്കുന്ന അളവ് ചുവടെ കൊടുക്കുന്നു.

1 X 18.75 X 0.90 = 16.88 $M^2$

1 X 8.85 X 0.90 = 7.965 $M^2$

ആകെ 24.845 $M^2$ @247/$m^2$ 6137/-

ടി പ്രവൃത്തിയിൽ 0.40 മീറ്റർ ആഴത്തിൽ എർത്ത് എക്സ്കവേറ്റ് ചെയ്ത് അതിൽ 0.10 മീറ്റർ കനത്തിൽ PCC ചെയ്ത് അതിന് മുകളിൽ 0.45 മീറ്റർ ഉയരത്തിൽ ഫൗണ്ടേഷൻ നിർമ്മിക്കുമ്പോൾ മണ്ണിന് പുറത്ത് കാണാവുന്ന പ്ലാസ്റ്ററിംഗ് ചെയ്യാൻ സാധിക്കുന്ന ഉയരം 0.15 മീറ്റർ മാത്രമാണ്. അതിനാൽ രണ്ടു വശവും പ്ലാസ്റ്ററിംഗ് നടത്തുമ്പോൾ യഥാർത്ഥത്തിൽ വരുന്ന അളവ് ചുവടെ കൊടുക്കുന്നു.

1 X18.75 X 0.30 = 5.625 $M^2$

1 X8.85 X 0.30 = 2.655 $M^2$

ആകെ 8.280 $M^2$

അധികച്ചെലവിന്റെ വിവരം ചുവടെ കൊടുക്കുന്നു.

24.845 - 8.280 = 16.565 $M^2$ @247/$m^2$ = 4092/-

വെള്ളക്കെട്ടുള്ള പ്രദേശമായതിനാൽ സോളിഡ് ബ്ളോക്ക് കൊണ്ട് ഫൗണ്ടേഷൻ നിർമ്മിച്ചാൽ മണ്ണ് ഫില്ല് ചെയ്യുന്നതിന് മുമ്പ് അകവും പുറവും പ്ലാസ്റ്ററിംഗ് ചെയ്യേണ്ടതാണ് എന്നാണ് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 6/23-01-23 ന് മറുപടി ലഭ്യമാക്കിയത്. ഫൗണ്ടേഷന്റെ മണ്ണിന് പുറമേ കാണുന്ന ഭാഗം 0.15 മീറ്റർ മാത്രമായതിനാൽ അകവും പുറവും പ്ലാസ്റ്ററിംഗ് ചെയ്യുമ്പോൾ 8.280 $M^2$ മാത്രമേ അനുവദനീയമായിട്ടുള്ളൂ. അതിനാൽ അധികം നൽകാനിടയായ 4092/- രൂപ നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-18 കാലി വീപ്പയുടെ വില ഈടാക്കിയില്ല

| | |
|---|---|
| പ്രോജക്ട് | മെമ്പർ റോഡ് പുനരുദ്ധാരണം |
| പ്രോജക്ട് നമ്പർ | S0165/21 |
| അളവു പുസ്തകം | 502/20-21 |
| കരാറുകാരൻ | ഷിയാദ് |
| ചെലവു വിവരം | ബിൽ നമ്പർ 12/29-11-21 രൂപ 1013195/- |

10, 12 വാർഡുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന മെമ്പർ റോഡ് പുനരുദ്ധാരണ പ്രവൃത്തിയുടെ (S0165/21) ഫൈനൽ ബിൽ പ്രകാരം തുക അനുവദിച്ചപ്പോൾ കാലി വീപ്പയുടെ വില ഈടാക്കിയില്ല. SS1, RS1, VG 30 ഉൾപ്പെടെ 16 ബാരൽ ഉപയോഗിച്ചിട്ടുണ്ട്. കാലി വീപ്പയുടെ വിലയിനത്തിൽ 4496/- (16 @281) രൂപ ഈടാക്കേണ്ടതായിരുന്നു. ടി തുക പണം അനുവദിച്ച അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്ന് ഈടാക്കേണ്ടതാണ്. ഈടാക്കുന്ന തുക ഏത് ഫണ്ടിൽ നിന്നാണോ തുക ചെലവഴിച്ചത് ആ ഹെഡിലേക്ക് തുക തിരിച്ചടയ്ക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 5/23-01-23 ന് മറുപടി ലഭ്യമാക്കിയില്ല.

## 1- 19 പകർച്ചവ്യാധി നിയന്ത്രണം

പകർച്ചവ്യാധി നിയന്ത്രണം (S0057/22)

ചെലവു വിവരം

ബിൽ നമ്പർ 16/7-12-21 - 85239/- രൂപ

പകർച്ച വ്യാധി നിയന്ത്രണത്തിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തിലെ വാർഡുകളിൽ ലാർവ്വ നാശിനി സ്പ്രേയിംഗ് നടത്തിയ വകയിൽ ഒരു വാർഡിന് 3000/-രൂപ നിരക്കിൽ വേതനമിനത്തിൽ താഴെപ്പറയുന്നവർക്ക് തുക അനുവദിച്ചിട്ടുണ്ട്. വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | തുക കൈപ്പറ്റിയ ആൾ | വാർഡ് | സ്പ്രേയിംഗ് നടത്തിയ തീയതി | ജോലിയിൽ ഏർപ്പെട്ട ആകെ ദിനങ്ങൾ | അനുവദിച്ച തുക |
|---|---|---|---|---|---|
| 1 | സുനിൽകുമാർ.ആർ, ആലിശ്ശേരിൽ | 13 | 18-11-21, 19-11-21 | 4 | 12000 |
| | | 14 | 19-11-21, 20-11-21 | | |

| | | | | | |
|---|---|---|---|---|---|
| | | 15 | 19-11-21, 20-11-21 | | |
| | | 16 | 17-11-21, 18-11-21 | | |
| 2 | അലോഷ്യസ്, ആല്ലംപറമ്പ് | 1 | 22-11-21, 23-11-21 | 6 | 12000 |
| | | 2 | 19-11-21, 20-11-21 | | |
| | | 3 | 19-11-21, 20-11-21 | | |
| | | 17 | 24-11-21, 18-11-21 | | |
| 3 | ഹരിദാസൻ.എം, മുപ്പതിൽ വീട് | 4 | 15-11-21, 16-11-21 | 4 | 12000 |
| | | 5 | 17-11-21, 18-11-21 | | |
| | | 9 | 16-11-21, 17-11-21 | | |
| | | 11 | 15-11-21, 16-11-21 | | |
| 4 | റിനാസ്, കല്ലപറമ്പിൽ | 6 | 24-11-21, 25-11-21 | 6 | 15000 |
| | | 7 | 19-11-21, 20-11-21 | | |
| | | 8 | 19-11-21, 20-11-21 | | |
| | | 10 | 14-11-21, 15-11-21 | | |
| | | 12 | 14-11-21, 15-11-21 | | |

ജി.ഒ (ആർ.ടി) നമ്പർ 1649/2020/ത.സ്വ.ഭ.വ. തീയതി 14-09-20 പ്രകാരം ശുചീകരണ തൊഴിലാളികളുടെ വേതനം 750/-രൂപയാണ്. കൂടിയ നിരക്കിൽ തുക അനുവദിച്ചതിന് വിശദീകരണം നൽകേണ്ടതാണ്. അർഹമായ തുകയുടെ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | തുക കൈപ്പറ്റിയ ആൾ | അർഹമായ തുക | അനുവദിച്ച തുക | അധികം |
|---|---|---|---|---|
| 1 | സുനിൽകുമാർ ആർ ആലിശ്ശേരിൽ | 4 @ 750 = 3000 | 12000 | 9000 |
| 2 | അലോഷ്യസ്, ആല്ലംപറമ്പ് | 6 @750 = 4500 | 12000 | 7500 |
| 3 | ഹരിദാസൻ.എം, മുപ്പതിൽ വീട് | 5 @750 = 3750 | 12000 | 8250 |
| 4 | റിനാസ്, കല്ലപറമ്പിൽ | 6 @750 = 4500 | 15000 | 10500 |
| | ആകെ | 15750 | 51000 | 35250 |

അതാത് സബ് സെന്ററുകൾക്ക് കീഴിലുള്ള വാർഡുകളിൽ കൂടുതൽ ജീവനക്കാരെ ഉപയോഗിച്ച് ജോലി ചെയ്യിപ്പിച്ചിട്ടുള്ളതാണെന്നും ആയതിന്റെ ആകെ തുകയാണ് മേൽപ്പറഞ്ഞവർക്ക് നൽകിയ തെന്നുമാണ് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 9/23-01-23 ന് മറുപടി ലഭ്യമാക്കിയിരിക്കുന്നത്. എന്നാൽ ഇത് തെളിയിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. അതിനാൽ അധികം നൽകിയ തുക തടസ്സപ്പെടുത്തുന്നു.

## 1- 20 എസ് സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്- ഗുണഭോക്താക്കളുടെ അർഹത തെളിയിക്കുന്ന രേഖയിൽ വ്യക്തതയില്ല

പ്രോജക്ട് നം.- S0014/22

പ്രോജക്ടിന്റെ പേര്-എസ് സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്

വികസന ഫണ്ട് (ജനറൽ) - 84000

വികസന ഫണ്ട് (എസ് സി പി) -180000

ആകെ അടങ്കൽ -264000

1) 168990 /-(ബിൽ നം.2/16.02.2022)

2) 11010/-(ബിൽ നം.12/25.03.2022)

3) 83886/-(ബിൽ നം.13/25.03.2022)

ആകെ ചെലവ് -263886/-

എസ് സി വിഭാഗത്തിൽപെട്ട ഡിഗ്രി പ്രൊഫഷണൽ കോഴ്സ് വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം ചെയ്യുന്നതിനായി നടപ്പാക്കിയ പ്രോജക്ട് പ്രകാരം കെൽട്രോണിൽ നിന്നും 6 ലാപ്ടോപ്പുകൾ 43981/- രൂപ നിരക്കിൽ വാങ്ങിയിരുന്നു. ഗുണഭോക്താക്കളുടെ അപേക്ഷ പരിശോധിച്ചതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവ് | കോഴ്സ്/കാലാവധി | ലാപ്ടോപ്പ് നൽകിയ തീയതി |
|---|---|---|---|
| 1 | അർജ്ജുൻ പി ശിവദാസ് | ബി എ<br>2018-2021 | 14.03.2022<br>(ഇൻവോയ്സ് നം.<br>TVM/ITBG/PI/CR/137 ) |
| 2 | ഐശ്വര്യ രാജ് | പോളി ടെക്നിക് മൂന്നാം വർഷം<br>2020-21 | |
| 3 | ഷൈജു എസ് | ഐ റ്റി ഐ<br>12/2020 മുതൽ 10/2021 വരെ | |

സ്ഥാപന തലവന്റെ സാക്ഷ്യപത്രം പ്രകാരം കോഴ്സ് കാലാവധി പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്ക് 2021-22 വർഷത്തെ ആനുകൂല്യം നൽകിയതിന്റെ കാരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (നം.7/23.01.2022) മറുപടിയോടൊപ്പം നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ രേഖകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമ നം.1 .അർജ്ജുൻ പി ശിവദാസ്, എസ് ഡി കോളേജ്, ആലപ്പുഴയിൽ 2018-21 കാലയളവിൽ ബി എ എക്കണോമിക്സ് കോഴ്സ് എന്നാണ് 03.08.2020 ലെ Course& Conduct Certificate ൽ രേഖപ്പെടുത്തിയിരുന്നത്. എന്നാൽ മറുപടിയോടൊപ്പം ഹാജരാക്കിയ 23.01.2023ലെ സർട്ടിഫിക്കറ്റിൽ 2019-22 കാലയളവിൽ ബി എ എക്കണോമിക്സ് കോഴ്സ് എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇപ്രകാരം രണ്ട് കാലയളവിലെ സർട്ടിഫിക്കറ്റ് എങ്ങനെ ലഭിച്ചു എന്ന് വ്യക്തമല്ല.

ക്രമ നം.3 ഷൈജു എസ് ന്റെ കോഴ്സ് സർട്ടിഫിക്കറ്റിൽ 2022 മാർച്ച് 24 മുതൽ ജൂൺ 06 വരെ എക്സൽ പ്രൈവറ്റ് ഐ ടി ഐ യിൽ Four Wheeler Service Assistant കോഴ്സ് വിദ്യാർത്ഥി എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

സബ്സിഡി മാർഗ്ഗ രേഖകൾ പ്രകാരം ബിരുദ/ബിരുദാനന്തരം, പോളിടെക്നിക്, മെഡിക്കൽ, കമ്പ്യൂട്ടർ സയൻസ്, ചാർട്ടേഡ് അക്കൗണ്ടന്റ് ആർട്ടിക്കിൾഷിപ്പ് എന്നീ കോഴ്സുകൾ പഠിക്കുന്ന വിദ്യാർത്ഥികൾക്കാണ് ആനുകൂല്യം നൽകാവുന്നത്. എന്നാൽ മാർഗ്ഗ രേഖയിൽ ഉൾപ്പെട്ടിട്ടില്ലാത്ത കോഴ്സ് പഠിക്കുന്ന കുട്ടിക്ക് ആനുകൂല്യം നൽകിയത് ക്രമപ്രകാരമല്ല.

ക്രമ നം.2 ൽ സൂചിപ്പിച്ച ന്യൂനതയ്ക്ക് മറുപടി ലഭ്യമാക്കിയില്ല.

സർക്കാർ ഫണ്ട് ഉപയോഗിച്ച് ആനുകൂല്യം നൽകുമ്പോൾ അത് ഏറ്റവും അർഹതപ്പെട്ടവർക്ക് തന്നെയാണ് ലഭിക്കുന്നത് എന്ന് ഉറപ്പാക്കേണ്ടതാണ്. ഭരണസമിതിയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 1-21 ലൈഫ് ഭവനനിർമ്മാണം - അഡ്വാൻസ് കൈപ്പറ്റിയവർ നിർമ്മാണം പൂർത്തിയാക്കിയില്ല

ഗ്രാമപഞ്ചായത്തിലെ ലൈഫ് ഭവനനിർമ്മാണ പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കളുടെ വിവരങ്ങളടങ്ങിയ രജിസ്റ്റർ പരിശോധിച്ചതിൽ അഡ്വാൻസ് കൈപ്പറ്റിയ ചില ഗുണഭോക്താക്കൾ ഭവനനിർമ്മാണം നാളിതുവരെ പൂർത്തിയാക്കിയില്ല എന്ന് വ്യക്തമാകുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | ആദ്യഗഡു 40000/- നൽകിയ തീയതി | ആകെ നൽകിയ തുക | റിമാർക്സ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | തങ്കമണി, വാർഡ്-15 (ലൈഫ് ഫിഷറീസ്) | 24.05.2021 | 40000/- | ക്രമ നമ്പർ 2,4 എന്നിവർ അടിത്തറ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. മറ്റുള്ളവർ നിർമ്മാണം ആരംഭിച്ചില്ല |
| 2 | റോബർട്ട്, വാർഡ് -1 (ലൈഫ് ഫിഷറീസ്) | 24.03.2021 | 40000/- | |
| 3 | മായ മഹേശൻ, വാർഡ്-6 (ലൈഫ് എസ് സി) | 18.08.2021 | 40000/- | |
| 4 | ഷിജു ദാസ് ആർ, വാർഡ്-6 (ലൈഫ് എസ് സി) | 08.12.2021 | 40000/- | |
| 5 | രാകേഷ് എം എ, വാർഡ്-6 (ലൈഫ് എസ് സി) | 27.01.2022 | 40000/- | |

പ്രസ്തുത ഗുണഭോക്താക്കളുടെ ഭവനനിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.13/24.01.2023) ക്രമ നമ്പർ 2,4 എന്നിവർ അടിത്തറ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട് എന്നും മറ്റുള്ളവർ നിർമ്മാണം ആരംഭിച്ചില്ല എന്നും മറുപടി ലഭ്യമാക്കി. അഡ്വാൻസ് കൈപ്പറ്റി നിർമ്മാണം പൂർത്തിയാക്കാത്ത ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-22 അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ

കെട്ടിടം - പുന്നപ്ര തെക്ക് ഗ്രാമപഞ്ചായത്ത് പരിധിയിൽ 26 അങ്കണവാടികൾ പ്രവർത്തിക്കുന്നു. അതിൽ 18 എണ്ണത്തിന് മാത്രമാണ് സ്വന്തം കെട്ടിടം ഉള്ളത്. 8 എണ്ണം വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്.

കുടിവെള്ളം- എല്ലാ അങ്കണവാടികൾക്കും കുടിവെള്ള കണക്ഷൻ ഉണ്ട്.

ടോയ്‌ലെറ്റ്- എല്ലാ അങ്കണവാടികൾക്കും ശുചിമുറി സൗകര്യം ഉണ്ടെങ്കിലും ബേബി ഫ്രണ്ട്‌ലി ടോയ്‌ലെറ്റ് 6 എണ്ണത്തിന് മാത്രമാണുള്ളത്.

വൈദ്യുതി- എല്ലാ അങ്കണവാടികൾക്കും വൈദ്യുതി കണക്ഷൻ ഉണ്ട്.

ചുറ്റുമതിൽ- 26 അങ്കണവാടികൾക്കും ചുറ്റുമതിൽ ഉണ്ട്.

ആഹാരസാധനങ്ങൾ സൂക്ഷിക്കുവാനുള്ള സൗകര്യം – എല്ലാ അങ്കണവാടികൾക്കും ആഹാര സാധനങ്ങൾ സൂക്ഷിക്കുവാനുള്ള സൗകര്യങ്ങൾ ഉണ്ട്.

ഫിറ്റ്നസ് സർട്ടിഫിക്കറ്റ്- എല്ലാ അങ്കണവാടികൾക്കും ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടുണ്ട്.

8 അങ്കണവാടികൾക്ക് സ്വന്തമായി കെട്ടിടം ഇല്ലാത്തതും, ബേബി ഫ്രണ്ട്‌ലി ടോയ്‌ലെറ്റ് തുടങ്ങിയ ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തതയും ഗൗരവമേറിയ വിഷയമാണ്. അങ്കണവാടി കെട്ടിടങ്ങളുടെ സംരക്ഷണം, പ്രവേശനോത്സവം, മുതലായ പ്രവർത്തനങ്ങൾ നടത്തുന്നതിന് സർക്കാർ പുറപ്പെടുവിച്ച സർക്കുലർ നം.3105/ഡി.സി.2 /2011/ത.സ്വ.ഭ.വ/22.03.2011 ലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കാവുന്നതാണ്. അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിൽ ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 2-1 തൊഴിൽ നികുതി - അർദ്ധവാർഷികവരുമാനത്തിനനുസൃതമായി തുക ഈടാക്കിയില്ല- 250/-രൂപയുടെ നഷ്ടം

| | സ്ഥാപനം | ജീവനക്കാരന്റെ/ ജീവനക്കാരിയുടെ | അർദ്ധവർഷം | തസ്തിക | അർദ്ധവാർഷിക വരുമാനം | ചുമത്തേണ്ട തൊഴിൽ | ചുമത്തിയ തൊഴിൽ | കുറവ് |
|---|---|---|---|---|---|---|---|---|

| | പേര് | | | | നികുതി | നികുതി | |
|---|---|---|---|---|---|---|---|
| C Y M A യു പി സ്കൂൾ | സുജാത | 1 | പി റ്റി സി എം | 120970 | 1000 | 750 | 250 |

തുക കുറവ് ഈടാക്കിയതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.10/21.01.23) മറുപടി ലഭ്യമാക്കിയില്ല. കുറവ് വന്ന തുക (250/-രൂപ) തിരികെ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 കൺസോളിഡേഷൻ കുറവ് ചെയ്യാതിരുന്നതുമൂലം അധിക ചെലവ് - 17825/-

പുന്നപ്ര തെക്ക് ഗ്രാമ പഞ്ചായത്തിൽ തൻവർഷം നടപ്പിലാക്കിയ താഴെപ്പറയുന്ന റോഡ് നിർമ്മാണ പ്രവൃത്തികളിൽ എംബാങ്ക്മെന്റ് കൺസ്ട്രക്ഷൻ (യൂസിംഗ് മെറ്റീരിയൽ ഒബ്റ്റെയ്ൻഡ് ഫ്രൊം ബോറോപിറ്റ്സ്) നടത്തിയ അളവ് രേഖപ്പെടുത്തിയിരിക്കുന്നത് ടേപ്പ് മെഷർമെന്റിലാണ്. ഫില്ലിംഗ് പ്രവൃത്തികളുടെ അളവിൽ നിന്നും 10% കൺസോളിഡേഷൻ കുറവ് ചെയ്യാതിരുന്നതുമൂലം അധിക ചെലവുണ്ടായിട്ടുണ്ട്. വിശദാംശം ചുവടെ കൊടുക്കുന്നു.

| | പ്രവൃത്തിയുടെ പേര്/ | കരാറുകാരൻ | അളവ് പുസ്തകം | എംബാങ്ക്മെന്റ് കൺസ്ട്രക്ഷൻ നടത്തിയ അളവ്/ | കുറവ് ചെയ്യേണ്ടിയിരുന്ന അളവ് | അധികം നൽകാനിടയായ തുക (കരാറുകാർ ക്വോട്ട് ചെയ്ത നിരക്കിൽ) | ചെലവ് വിവരം |
|---|---|---|---|---|---|---|---|
| 1 | കന്നിട്ടപ്പറമ്പ് താഴ്ചയിൽ റോഡ് കോൺക്രീറ്റിംഗ് | സുരേഷ് | 437/20-21 | 24.03 $M^3$ | 2.403 $M^3$ | 2.40 @898 = 2155 | 15/15-12-21 310771/- രൂപ |
| 2 | തേങ്ങാക്കാരൻ റോഡ് കോൺക്രീറ്റിംഗ് | ബൈജു .വി | 446/20-21 | 24$m^3$ | 2.4 $M^3$ | 2.4 @937.50 = 2250 | 24/30-01-22 324249/-രൂപ |
| 3 | ഇരുമ്പനം നാളികാട് റോഡ് കോൺക്രീറ്റിംഗ് | മുജീബ് | 434/20-21 | 38.34 $M^3$ | 3.834 $M^3$ | 3.83 @894.16 = 3425 | 13/15-12-21 545703/-രൂപ |
| 4 | പോളിടെക്കിനിക്ക് പടിഞ്ഞാറുവശം കരപ്പാടം വരെയുള്ള റോഡ് കോൺക്രീറ്റിംഗ് | മുജീബ് റഹ്മാൻ | 506/20-21 | 34.142$m^3$ | 3.4142 $M^3$ | 3.41 @869.87 = 2966 | 34/18-03-22 615995/-രൂപ |
| 5 | മണ്ഡപം അരശർക്കടവ് റോഡ് കോൺക്രീറ്റിംഗ് ഒന്നാം ഘട്ടം | മുജീബ് | 722/22 | 17.64 $M^3$ | 1.764 $M^3$ | 1.76 @836.05 = 1471 | 40/22-03-22 569372/-രൂപ |
| 6 | വിവിധ റോഡുകളുടെ കോൺക്രീറ്റിംഗ് | സുനിൽ | 429/20-21 | 26.945 $M^3$ | 2.6945 $M^3$ | 2.69 @971.55 = 2613 | 8/26-10-21 425558/-രൂപ |
| 7 | കൊച്ചുപൊഴി കൈതോടിനു | സാബു | 111/21-22 | 26.95 $M^3$ | 2.695 $M^3$ | 2.70 @1090.88 = | 47/30-03-22 594470/-രൂപ |

| | | | | | | |
|---|---|---|---|---|---|---|
| സംരക്ഷണ ഭിത്തിയും കലുങ്ക് നിർമ്മാണവും | | | | | 2945 | |
| ആകെ | | | | | 17825 | |

അധികം നൽകാനിടയായ തുക നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 5/23-01-23 ന് മറുപടി ലഭ്യമാക്കിയില്ല.

## 3-2 MCF ന് ചുറ്റുമതിൽ നിർമ്മാണം - ഫൗണ്ടേഷന്റെ പ്ലാസ്റ്ററിംഗിന് അളവ് കൂടുതൽ രേഖപ്പെടുത്തി തുക അനുവദിച്ചു

| | |
|---|---|
| പ്രോജക്ട് | MCF ന് ചുറ്റുമതിൽ നിർമ്മാണം |
| പ്രോജക്ട് നമ്പർ | S0156/21 |
| അളവു പുസ്തകം | 436/20-21, 417/20-21, 415/20-21 |
| കരാറുകാരൻ | ബാലു |
| ചെലവു വിവരം | ബിൽ നമ്പർ 19/07-01-22 രൂപ 124282/- |

ടി പ്രവൃത്തിയിൽ 0.40 മീറ്റർ ആഴത്തിൽ എർത്ത് എക്സ്കവേറ്റ് ചെയ്ത് അതിൽ 0.10 മീറ്റർ കനത്തിൽ PCC ചെയ്ത് 0.45 മീറ്റർ ഉയരത്തിൽ സോളിഡ് ബ്ളോക്ക് ഉപയോഗിച്ച് ഫൗണ്ടേഷൻ നിർമ്മിച്ചതിന് പുറമേ പ്ലാസ്റ്ററിംഗ് നടത്തിയതിന് അനുവദിച്ചിരിക്കുന്ന അളവ് ചുവടെ കൊടുക്കുന്നു.

1 X18.75 X 0.90 = 16.88 $M^2$

1 X8.85 X 0.90 = 7.965 $M^2$

ആകെ 24.845 $M^2$ @247/$m^2$ 6137/-

ടി പ്രവൃത്തിയിൽ 0.40 മീറ്റർ ആഴത്തിൽ എർത്ത് എക്സ്കവേറ്റ് ചെയ്ത് അതിൽ 0.10 മീറ്റർ കനത്തിൽ PCC ചെയ്ത് അതിന് മുകളിൽ 0.45 മീറ്റർ ഉയരത്തിൽ ഫൗണ്ടേഷൻ നിർമ്മിക്കുമ്പോൾ മണ്ണിന് പുറത്ത് കാണാവുന്ന പ്ലാസ്റ്ററിംഗ് ചെയ്യാൻ സാധിക്കുന്ന ഉയരം 0.15 മീറ്റർ മാത്രമാണ്. അതിനാൽ രണ്ടു വശവും പ്ലാസ്റ്ററിംഗ് നടത്തുമ്പോൾ യഥാർത്ഥത്തിൽ വരുന്ന അളവ് ചുവടെ കൊടുക്കുന്നു.

1 X18.75 X 0.30 = 5.625 $M^2$

1 X8.85 X 0.30 = 2.655 $M^2$

ആകെ 8.280 $M^2$

അധികച്ചെലവിന്റെ വിവരം ചുവടെ കൊടുക്കുന്നു.

24.845 - 8.280 = 16.565 $M^2$ @247/$m^2$ = 4092/-

വെള്ളക്കെട്ടുള്ള പ്രദേശമായതിനാൽ സോളിഡ് ബ്ളോക്ക് കൊണ്ട് ഫൗണ്ടേഷൻ നിർമ്മിച്ചാൽ മണ്ണ് ഫില്ല് ചെയ്യുന്നതിന് മുമ്പ് അകവും പുറവും പ്ലാസ്റ്ററിംഗ് ചെയ്യേണ്ടതാണ് എന്നാണ് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 6/23-01-23 ന് മറുപടി ലഭ്യമാക്കിയത്. ഫൗണ്ടേഷന്റെ മണ്ണിന് പുറമേ കാണുന്ന ഭാഗം 0.15 മീറ്റർ മാത്രമായതിനാൽ അകവും പുറവും പ്ലാസ്റ്ററിംഗ് ചെയ്യുമ്പോൾ 8.280 $M^2$ മാത്രമേ അനുവദനീയമായിട്ടുള്ളൂ. അതിനാൽ അധികം നൽകാനിടയായ 4092/- രൂപ നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-3 കാലി വീപ്പയുടെ വില ഈടാക്കിയില്ല

| | |
|---|---|
| പ്രോജക്ട് | മെമ്പർ റോഡ് പുനരുദ്ധാരണം |
| പ്രോജക്ട് നമ്പർ | S0165/21 |
| അളവു പുസ്തകം | 502/20-21 |

| | |
|---|---|
| കരാറുകാരൻ | ഷിയാദ് |
| ചെലവു വിവരം | ബിൽ നമ്പർ 12/29-11-21 രൂപ 1013195/- |

10, 12 വാർഡുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന മെമ്പർ റോഡ് പുനരുദ്ധാരണ പ്രവൃത്തിയുടെ (S0165/21) ഫൈനൽ ബിൽ പ്രകാരം തുക അനുവദിച്ചപ്പോൾ കാലി വീപ്പയുടെ വില ഈടാക്കിയില്ല. SS1, RS1, VG 30 ഉൾപ്പെടെ 16 ബാരൽ ഉപയോഗിച്ചിട്ടുണ്ട്. കാലി വീപ്പയുടെ വിലയിനത്തിൽ 4496/- (16 @281) രൂപ ഈടാക്കേണ്ടതായിരുന്നു. ടി തുക പണം അനുവദിച്ച അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്. ഈടാക്കുന്ന തുക ഏത് ഫണ്ടിൽ നിന്നാണോ തുക ചെലവഴിച്ചത് ആ ഹെഡിലേക്ക് തിരിച്ചടയ്ക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 5/23-01-23 ന് മറുപടി ലഭ്യമാക്കിയില്ല.

## 3-4 പരസ്യങ്ങൾ വിൻഡോ മാതൃകയിൽ നൽകാത്തതിനാൽ അധിക ചെലവ്-12850/-

ദർഘാസ് പരസ്യങ്ങൾ" വിൻഡോ മാതൃകയിൽ," രണ്ട് കോളം (8cm) X (3cm) = 24 $Cm^2$ വലുപ്പത്തിലുള്ളതായിരിക്കണമെന്നും പൂർണ്ണമായ പരസ്യങ്ങൾ വെബ്സൈറ്റിൽ മാത്രം പ്രസിദ്ധീകരിച്ചാൽ മതിയെന്നും (സ.ഉ(അ)/01/04/ഐ.ആൻഡ്.പി.ആർ തീയതി.01-01-04) ഉത്തരവിലൂടെ സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് 2021-22 സാമ്പത്തിക വർഷം പദ്ധതി രൂപീകരണം നിർവ്വഹണം മോണിട്ടറിംഗ് എന്ന പ്രോജക്റ്റിൽപ്പെടുത്തി (പ്രോജക്റ്റ് നം.03/2022) താഴെപ്പറയുന്ന ദിനപ്പത്രങ്ങളിൽ നല്കിയിട്ടുള്ള പരസ്യങ്ങളുടെ ബിൽ പരിശോധിച്ചതിൽ അവ നിർദ്ദിഷ്ട വലുപ്പത്തിൽ കൂടുതലുള്ളവയായിരുന്നു. ഇത് പരസ്യചെലവ് കൂടുന്നതിനിടയാക്കി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ബിൽ നം./ തീയതി/തുക | ഇൻവോയിസ് നം./തീയതി ദിനപത്രം | നല്കിയ പരസ്യത്തിന്റെ വലുപ്പം/നിരക്ക് | ചെലവ് | അനുവദനീയമായ വലുപ്പം/ചെലവ് | അധികം ചെലവാക്കിയ തുക |
|---|---|---|---|---|---|---|
| 1 | 87/12.10.2021 6426 | ALP/21-22/0684 09.09.2021 ദേശാഭിമാനി | 5x8=40$cm^2$ 180/$cm^2$ | 7200 - Discount 15% (1080) +GST (5%)306 =6426/- | 3x8 =24 $Cm^2$ 24x180= 4320 - Discount15%(648) +GST (5%)184 =3856 | 2570 |
| 2 | 89/12.10.2021 24419 | ALP/21-22/0740 25.09.2021 ദേശാഭിമാനി | 5x8=40 $Cm^2$ 180/$cm^2$ | -Do- | -Do- | 2570 |
| 3 | | ALP/21-22/0711 18.09.2021 ദേശാഭിമാനി | 5x8=40 $Cm^2$ 180/$cm^2$ | -Do- | -Do- | 2570 |
| 4 | | ALP/21-22/0738 24.09.2021 ദേശാഭിമാനി | 5x8=40 $Cm^2$ 180/$cm^2$ | -Do- | -Do- | 2570 |

| | | | | | | |
|---|---|---|---|---|---|---|
| 5 | 137/27.11.2021<br>19921/- | ALP/21-22/0898<br>24.09.2021<br>ദേശാഭിമാനി | 5×8=40 $Cm^2$<br>180/$cm^2$ | -Do- | -Do- | 2570 |
| | ആകെ | | | | | 12850/- |

അധികമായി ചെലവഴിച്ച 12850/-രൂപ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ട താണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 21-22 | 283950 | സ്കോളർഷിപ്പ് | 283950 | 00 |
| | 21-22 | 300000 | അനുപൂരക പോഷകാഹാര പദ്ധതി | 300000 | 00 |
| | 21-22 | 200000 | ലൈഫ് ഭവന പദ്ധതി(എസ് സി) | 200000 | 00 |
| | 21-22 | 892595 | വാർഡ് 16 ൽ പുതിയ അങ്കണവാടി കെട്ടിട നിർമ്മാണം | 892595 | 00 |
| | 21-22 | 1360000 | ലൈഫ് ഭവന പദ്ധതി (ഫിഷറീസ്) | 1360000 | 00 |
| | 21-22 | 280000 | ലൈഫ് ഭവന പദ്ധതി(ജനറൽ) | 280000 | 00 |
| ബ്ലോക്ക് പഞ്ചായത്ത് | 21-22 | 280000 | ലൈഫ് ഭവന പദ്ധതി(എസ്.സി അഡീഷണൽ) | 280000 | |
| ആകെ | | 3596545 | | 3596545 | 00 |
| ജില്ലാ പഞ്ചായത്ത് | 21-22 | 620000 | ലൈഫ് ഭവന പദ്ധതി(ജനറൽ) | 620000 | 00 |
| | 21-22 | 220000 | ലൈഫ് ഭവന പദ്ധതി(എസ് സി) | 220000 | 00 |
| | 20-21 (OB) | 1000000 | പി എച്ച് സി മെയിന്റനൻസ് | 1000000 | 00 |
| | 21-22 | 100000 | അനുപൂരക പോഷകാഹാര പദ്ധതി | 100000 | 00 |
| | 21-22 | 469924 | ബഡ്സ് സ്കൂൾ പൂർത്തീകരണം | 469924 | 00 |
| | 21-22 | 400000 | സ്കോളർഷിപ്പ് | 400000 | 00 |
| | 21-22 | 745926 | പൊതു ശ്മശാനം | 745926 | 00 |
| | 21-22 | 2240000 | ലൈഫ് ഭവന പദ്ധതി (ഫിഷറീസ്) | 2240000 | 00 |
| ആകെ | | 5795850 | | 5795850 | |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | 169/22 സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ | 407/30.03.2022 | 3022500 | | 3022500 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | തൻവർഷം വായ്പ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | ജി.ഒ.എം.എസ് 2278/തസ്വഭവ 18.8.2018 | 1760000 | 16664666 | 2258666 | 00 | 1,6166000 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ.

| ഓഡിറ്റ് വർഷം | ഖണ്ഡിക | 2008-09 സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2008-09 | 3-7 | 2008-09 | 3.5.6 | കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് നൽകൽ | മറുപടി ലഭ്യമായിട്ടില്ല |
| 2016-17 | 2-1 | 2017-18 | 1-3-2 | വസ്തു നികുതി നിർണ്ണയം | മറുപടി ലഭ്യമായിട്ടില്ല |

## 4-8 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

ഈയിനത്തിൽ തൻവർഷം വരവൊന്നുമില്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 101773501 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 101460363 |
| വരവിനങ്ങളിലുള്ള നഷ്ടം | 250 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 39263 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2637484 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക ചാർജ്ജ് ചെയ്യാവുന്നവ | നഷ്ടമായ തുക സർചാർജ്ജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 2-1 | 250 | | ബിജി.എസ്, സെക്രട്ടറി |
| 3-1 | | 17825 | പ്രിയ.കെ.എസ്, അസിസ്റ്റന്റ് എൻജിനീയർ |
| 3-2 | | 4092 | പ്രിയ.കെ.എസ്, അസിസ്റ്റന്റ് എൻജിനീയർ |
| 3-3 | | 4496 | പ്രിയ.കെ.എസ്, അസിസ്റ്റന്റ് എൻജിനീയർ |
| 3-4 | | 12850 | ബിജി.എസ്, സെക്രട്ടറി |
| ആകെ | 250 | 39263 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13 | 2602234 | ശ്രീമതി. ബിജി.എസ്, സെക്രട്ടറി |
| 1-19 | 35250 | ഡോ. പൂർണിമ, മെഡിക്കൽ ഓഫീസർ |
| ആകെ | 2637484 | |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.ബിജി.എസ്, സെക്രട്ടറി | സെക്രട്ടറി,മാരാരിക്കുളം വടക്ക് ഗ്രാമപഞ്ചായത്ത് | ഐശ്വര്യ, തിരുവമ്പാടി പി.ഒ, ആലപ്പുഴ |
| ഡോ. പൂർണിമ, മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ, FHC, പുന്നപ്ര തെക്ക് | പൌർണ്ണമി,തിരുവമ്പാടി,ആലപ്പുഴ |
| ശ്രീമതി. പ്രിയ.കെ.എസ്, അസിസ്റ്റന്റ് എൻജിനീയർ | അസിസ്റ്റന്റ് എൻജിനീയർ, പുന്നപ്ര തെക്ക് ഗ്രാമപഞ്ചായത്ത് | കുരിശ്ശുപറമ്പിൽ, ബീച്ച് വാർഡ്, ബസാർ പി.ഒ |

്

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 2002-03 | എൽ.എഫ്.ജി.എ5-1832/2011/20.1.12 (ഓഡിറ്റ് അദാലത്തിൽ പരിഗണിച്ചത്) |
| 2003-04 | |
| 2004-05 | |
| 2005-06 | എൽ.എഫ്.ജി.എ5-1832/2011/20.1.12 |
| 2006-07 | എൽ.എഫ്.എ.പി.9/109/2008/18.11.08 |

| | |
|---|---|
| 2007-08 | എൽ.എഫ്.എ.പി.8/1760/2011/14.7.12 |
| 2008-09 | എൽ.എഫ്.എ.പി.8/1760/2011/14.7.12 |
| 2009-10 | എൽ.എഫ്.എ.പി.8/1758/2011/8.8.12 |
| 2010-11, 11-12 | എൽ.എഫ്.എ.പി.8/251/2013/26.16.13 |
| 2012-13 | എൽ.എഫ്.എ.പി.8/318/2015/4.8.15 |
| 2013-14,14-15 | കെ.എസ്.എ.എ.എൽ.പി-പി8/61/16/20.1.16 |
| 2015-16 | കെ.എസ്.എ.എ.എൽ.പി-പി8/38/17/20.1.17 |
| 2016-17 | കെ.എസ്.എ.എ.എൽ.പി-പി8/748/2017/19.06.2017 |
| 2017-18 | കെ.എസ്.എ.എ.എൽ.പി-പി8/1557/2018/05.11.2018 |
| 2018-19 | കെ.എസ്.എ.എ.എൽ.പി-പി8/288/2020/29.05.2020 |
| 2019-20 | കെ.എസ്.എ.എ.എൽ.പി-പി8/356/2022/27.03.2022 |
| 2020-21 | കെ.എസ്.എ.എ.എൽ.പി-പി8/541/2022/18.06.2022 |

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ പുന്നപ്ര തെക്ക് ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ പുന്നപ്ര തെക്ക് ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്